50/DGE /HSE /NSS /2025

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
നാഷണൽ സർവീസ് സ്കീം
(ഹയർ സെക്കൻററി വിഭാഗം),
ജഗതി, ഉള്ളൂർ ലെയ്ൻ,
തിരുവനന്തപുരം.
04712323023
dhsensskerala@gmail.com
തീയതി:23/09/2025

# സർക്കുലർ

വിഷയം: ഹയർ സെക്കന്ററി എൻ.എസ്.എസ്. – ജീവിതോത്സവം 2025 പദ്ധതി – പ്രതിജ്ഞ – സംബന്ധിച്ച്.

ഹയർ സെക്കൻഡറി നാഷണൽ സർവീസ് സ്കീം ജീവിതോത്സവം 2025ന്റെ ഭാഗമായി നടത്തുന്ന 21 ദിന ചലഞ്ചിന്റെ ഒന്നാം ദിനം മനുഷ്യവലയത്തിൽ ചൊല്ലേണ്ട പ്രതിജ്ഞ ചുവടെ ചേർക്കുന്നു.

ജീവിതോത്സവം 2025 – പ്രതിജ്ഞ

(ഓരോ വരിയും ഏറ്റു ചൊല്ലണം)

ഞങ്ങൾ, ഹയർ സെക്കൻഡറി നാഷണൽ സർവീസ് സ്കീം വളണ്ടിയർമാർ, ഭാരതത്തിന്റെ ഭാവി വാഗ്ദാനങ്ങളാണെന്ന് പൂർണ്ണ ബോധ്യത്തോടെ പ്രതിജ്ഞ ചെയ്യുന്നു.

ജീവിതോത്സവം 2025'-ന്റെ ഭാഗമായുള്ള ഈ 21 ദിന ചലഞ്ചിൽ പൂർണ്ണമനസ്സോടെയും ആത്മാർത്ഥതയോടെയും ഞങ്ങൾ പങ്കാളികളാകും.

ഞങ്ങളുടെ സർഗശേഷിയും ഊർജവും നാടിന്റെയും സമൂഹത്തിന്റെയും നന്മയ്ക്കും ഞങ്ങളുടെ തന്നെ വ്യക്തിത്വ വികാസത്തിനുമായി വിനിയോഗിക്കും.

ലഹരിയുൾപ്പെടെയുള്ള എല്ലാ ദുശ്ശീലങ്ങളെയും മോശം പ്രവണതകളെയും ഞങ്ങൾ ബോധപൂർവ്വം അകറ്റിനിർത്തും

സ്നേഹവും സന്തോഷവും നിറഞ്ഞ ഒരു പുതിയ ജീവിതശൈലി ഞങ്ങൾ രൂപപ്പെടുത്തും

സുരക്ഷിതവും സുരഭിലവുമായ ശീലങ്ങൾ ആർജ്ജിക്കുന്നതിനായി ഞങ്ങൾ പ്രയത്നിക്കും.

വീട്ടിലും വിദ്യാലയത്തിലും സമൂഹത്തിലും ഒരു നല്ല മാതൃകയായി ഞങ്ങൾ പ്രവർത്തിക്കും

ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഉത്തമ പൗരന്മാരായി ഞങ്ങൾ വളരും

ഈ ജീവിതോത്സവം, ജീവിതത്തിലെ ഊർജ്ജസ്വലമായ ഒരു പുതിയ തുടക്കമാക്കി മാറ്റുമെന്ന് ഞങ്ങൾ ദൃഢപ്രതിജ്ഞ ചെയ്യുന്നു.

"പ്രതിജ്ഞ....... പ്രതിജ്ഞ...... പ്രതിജ്ഞ"

മനസ്സു നന്നാകട്ടെ

ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)